ഉത്തരം

(എ) ഈ സർക്കാരിന്റെ കാലയളവിൽ ഒരു പദ്ധതി അനുവദിച്ചിട്ടുണ്ട്. ഏഴു ലക്ഷം രൂപ അടങ്കൽ തുകയുള്ള, ശാസ്താ ക്ഷേത്രത്തിനു സമീപം അച്ചൻ കോവിലാറിൽ തടയണയും, കമ്പിവേലി നിർമ്മാണവും പദ്ധതിയാണ് നടപ്പിലാക്കിയത്.

(ബി) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് മാത്രമേ പുതിയ പദ്ധതികൾ നടപ്പിലാക്കാൻ നിർവ്വാഹമുള്ളൂ.

ഭൂജല വകുപ്പിന്റെ ഗ്ലോബൽ പൊസഷ്നിംഗ് സിസ്റ്റം

76 [2686] ശ്രീ. ജോണി നെല്ലൂർ:
,, ടി. എം. ജേക്കബ്:
,, ആർ. ബാലകൃഷ്ണപിള്ള:
,, കെ. ബി. ഗണേഷ്കുമാർ:
,, ഷിബു ബേബി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂജല വകുപ്പിൽ ഗ്ലോബൽ പൊസിഷനിംഗ് സിസ്റ്റം (ജി. പി. എസ്.) വാങ്ങിയിട്ടുണ്ടോ; എങ്കിൽ എന്ന്;

(ബി) ഇതിന്റെ അടിയന്തിരാവശ്യം എന്തെന്ന് വ്യക്തമാക്കാമോ;

(സി) ഇതിനായി ടെണ്ടർ വിളിച്ചിരുന്നോ;

(ഡി) എങ്കിൽ ഏതെല്ലാം കമ്പനികൾ ടെണ്ടർ നൽകിയിരുന്നു എന്നും ആർക്കാണ് ടെണ്ടർ ഉറപ്പിച്ചത് എന്നും വെളിപ്പെടുത്തുമോ;

(ഇ) ടെണ്ടർ തുക എത്രയായിരുന്നു; തുക മുഴുവനും നൽകിയിട്ടുണ്ടോ; ഇതിന്റെ നിലവിലുള്ള മാർക്കറ്റ് വിലയെത്രയെന്ന് വ്യക്തമാക്കുമോ;

(എഫ്) ഇതിന്റെ ഗുണനിലവാരം പരിശോധിച്ചിട്ടുണ്ടോ?

ഉത്തരം

(എ) ഉണ്ട്. 29.4.2005-ലാണ് ഭൂജല വകുപ്പിന് ലഭിച്ചത്.

(ബി) ഹൈഡ്രോളജി പ്രോജക്ടിന്റെ ഭാഗമായി ഭൂജല വകുപ്പ് ഭൂജല സമ്പത്തിന്റെ 'സിസ്റ്റമാറ്റിക് ഡാറ്റാ ബേസ്' തയ്യാറാക്കുകയാണ്. ഇതിനുവേണ്ടി പ്രത്യേകം രൂപകൽപ്പന ചെയ്ത 'ജെം' എന്ന സോഫ്റ്റ്വെയർ വകുപ്പിന്റെ പക്കലുണ്ട്. നിലവിലുള്ളതും പുതുതായി നിർമ്മിക്കുന്നതുമായ പീസോമീറ്ററുകളുടേയും മറ്റും സൂക്ഷ്മമായ സ്ഥാന വിവരങ്ങൾ (അക്ഷാംശവും രേഖാംശവും ഡെപ്ത്തും ലെവൽ മുതലായവ) ഇതിലുൾപ്പെടുത്തേണ്ടത് ആവശ്യമാണ്. അതിനാലാണ് വളരെ ആധുനികവും സൂക്ഷ്മവും കൃത്യവുമായ നിരീക്ഷണ സൗകര്യങ്ങളുമുള്ള ജി. പി. എസ്. റിസീവറും മറ്റ് അനുബന്ധ ഉപകരണങ്ങളും വകുപ്പ് കരസ്ഥമാക്കിയത്.

(സി) ടെണ്ടർ വിളിച്ചിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) അഞ്ച് കമ്പനികളും ടെണ്ടർ ഫോമുകളും കൈപ്പറ്റിയതിൽ മൂന്ന് കമ്പനികളും വിശദമായ ടെണ്ടറുകളും ട്രേജല വകുപ്പിന് സമർപ്പിക്കുകയുണ്ടായി. ഈ കമ്പനികളും താഴെ പറയുന്നവയാണ്:

1. മെസ്സേഴ്സ് എൽകോം ടെക്നോളജീസ് പ്രൈവറ്റ് ലിമിറ്റഡ്, ഗുർഗാവോൺ, ഹരിയാന.

2. മെസ്സേഴ്സ് ഇൻറർ മീഡിയ എൻറർപ്രൈസസ്, ആയുർവേദ കോളേജ് ജംഗ്ഷൻ, ധർമ്മാലയം റോഡ്, തിരുവനന്തപുരം.

3. മെസ്സേഴ്സ് മാസ്റ്റർ കേബിൾസ് പ്രൈവറ്റ് ലിമി., കിളികൊല്ലൂർ, കൊല്ലം.

ഇതിൽ മെസ്സേഴ്സ് എൽകോം ടെക്നോളജീസ് പ്രൈവറ്റ് ലിമിറ്റഡ്, ഗുർഗാവോൺ, ഹരിയാന എന്ന കമ്പനിക്കാണ് ടെണ്ടർ ഉറപ്പിച്ചത്.

(ഇ) ടെണ്ടർ തുക 14,64,750 രൂപ (പതിനാല് ലക്ഷത്തി അറുപത്തി നാലായിരത്തി എഴുനൂറ്റി അൻപത് രൂപ മാത്രം) ആയിരുന്നു. ഉപകരണം ലഭിച്ച ശേഷം കമ്മീഷനിംഗ് നടത്തി ഗുണമേൻമ ഉറപ്പുവരുത്തിയശേഷം പ്രസ്തുത തുക മുഴുവനും നൽകുകയുണ്ടായി. ഇതിൻറെ നിലവിലുള്ള മാർക്കറ്റ് വില 17 ലക്ഷം രൂപ വരെയാണ്.

(എഫ്) ഉണ്ട്.

വീടുകളിൽ മഴവെള്ള സംഭരണികൾ നിർമ്മിക്കുന്ന പദ്ധതി

77 [2687] ശ്രീ. തോമസ് ചാഴികാടൻ:
,, കെ. നാരായണക്കുറുപ്പ്:
,, റോഷി അഗസ്റ്റിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെൻറ് കാര്യവും വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) വീടുകളിൽ മഴവെള്ളസംഭരണികൾ നിർമ്മിക്കുന്ന പദ്ധതി നടപ്പാക്കാൻ സർക്കാരിന് പരിപാടിയുണ്ടോ;

(ബി) എങ്കിൽ ഇത്തരത്തിൽ എത്ര സംഭരണികൾ നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നത്;

(സി) ഏതൊക്കെ പ്രദേശങ്ങളിലാണ് ഈ പദ്ധതി ആദ്യഘട്ടത്തിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്;

(ഡി) ഈ പദ്ധതിക്ക് എത്ര കോടി രൂപയാണ് ചെലവു പ്രതീക്ഷിക്കുന്നത്;

(ഇ) അതിന് കേന്ദ്ര സർക്കാരിൻറെ സഹായം തേടിയിട്ടുണ്ടോ;

(എഫ്) എങ്കിൽ കേന്ദ്ര സഹായം എത്ര ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(ജി) പദ്ധതി എന്നത്തേക്ക് പ്രാവർത്തികമാക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകാമോ?

LIBRARY ARCHIVES Kerala Legislative Assembly